20858
22/11/19

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

എസ്.സി2/354/2019-ആഭ്യന്തരം
ആഭ്യന്തര (എസ്.സി)വകുപ്പ്
തിരുവനന്തപുരം,
തീയതി: 26/09/2019

## സർക്കുലർ

വിഷയം:- ആഭ്യന്തര വകുപ്പ്-സെക്രട്ടേറിയറ്റിൽ നിന്നും വിരമിക്കുന്ന ജീവനക്കാർ തിരിച്ചറിയൽ കാർഡ് തിരികെ നൽകുന്നത് - സംബന്ധിച്ച്.

സൂചന:- പൊതുഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 21.06.2019 ന് ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ്.

സെക്രട്ടേറിയറ്റിൽ നിന്നും വിരമിക്കുന്ന ജീവനക്കാർ തിരിച്ചറിയൽ കാർഡ് ആഭ്യന്തര(എസ്.സി) വകുപ്പിൽ സമർപ്പിച്ച് ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് വാങ്ങി ബന്ധപ്പെട്ട അക്കൗണ്ട്സ്/സർവീസസ്/ഭരണം വകുപ്പുകളിൽ ലഭ്യമാക്കുന്ന രീതിയാണ് അനുവർത്തിച്ചു വരുന്നത്. വിരമിക്കുന്ന സെക്രട്ടേറിയറ്റ് ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിരമിക്കൽ തീയതിയിൽ തന്നെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ചുവടെപ്പറയുന്ന മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു

1. തിരിച്ചറിയൽ കാർഡിന്റെ കാലാവധി വിരമിക്കൽ തീയതി വരെ മാത്രമായതിനാലും പ്രസ്തുത തീയതി വ്യക്തമായി കാണുന്ന വിധത്തിൽ കാർഡിന്റെ മുൻഭാഗത്ത് പ്രിന്റ് ചെയ്തിട്ടുള്ളതിനാലും പൊതുഭരണ/ധനകാര്യ/നിയമ സെക്രട്ടേറിയറ്റിൽ നിന്നും വിരമിക്കുന്ന ജീവനക്കാർ തിരിച്ചറിയൽ കാർഡ് ആഭ്യന്തര(എസ്.സി) വകുപ്പിൽ സമർപ്പിച്ച് ബാധ്യതാ രഹിത സർട്ടിഫിക്കറ്റ് വാങ്ങേണ്ടതില്ല

2. സെക്രട്ടേറിയറ്റിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള തിരിച്ചറിയൽ കാർഡ് പൊതുഭരണ (ഹൗസ് കീപ്പിംഗ്)വകുപ്പിൽ നിന്നും നൽകുമ്പോൾ ആഭ്യന്തര വകുപ്പിൽ നിന്നും ലഭിച്ചിട്ടുള്ള നിലവിലെ തിരിച്ചറിയൽ കാർഡ് പ്രസ്തുത വകുപ്പിൽ സമർപ്പിക്കേണ്ടതാണ്. തിരിച്ചറിയൽ കാർഡ് തിരികെയേൽപ്പിച്ചില്ലെങ്കിൽ 1000/- രൂപ പിഴയടക്കേണ്ടതാണ്. പൊതുഭരണ (ക്യാഷ്)വകുപ്പ് പിഴ സ്വീകരിക്കുന്നതിനുള്ള നടപടി

സ്വീകരിക്കേണ്ടതാണ്.

3. പൊതുഭരണ/ധനകാര്യ/നിയമ സെക്രട്ടേറിയറ്റിൽ നിന്നും വിരമിക്കൽ വഴിയല്ലാതെ വിടുതൽ ചെയ്യുന്ന ജീവനക്കാർക്ക് തിരിച്ചറിയൽ കാർഡ് ആഭ്യന്തര(എസ്.സി) വകുപ്പിൽ സമർപ്പിച്ച് ബാധ്യതാരഹിത സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്ന രീതി തുടരുന്നതാണ്.

4. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിൽ ഉൾപ്പെട്ട ജീവനക്കാർ/വിവര പൊതുജന സമ്പർക്ക വകുപ്പ് ജീവനക്കാർ/ മറ്റ് വകുപ്പുകളിൽ നിന്നും ഡെപ്യൂട്ടേഷനിൽ സെക്രട്ടേറിയറ്റിൽ ജോലി ചെയ്യുന്ന സെക്രട്ടേറിയറ്റ് ഇതര ജീവനക്കാർ എന്നിവർ തിരിച്ചറിയൽ കാർഡ് ആഭ്യന്തര (എസ്.സി) വകുപ്പിൽ സറണ്ടർ ചെയ്ത് ബാധ്യതാരഹിത സർട്ടിഫിക്കറ്റ് വാങ്ങുന്ന നിലവിലെ രീതി തുടരേണ്ടതാണ്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ.

V. VILASACHANDRAN NAIR
ADDITIONAL SECRETARY

പകർപ്പ്

നിയമം ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
പൊതുഭരണ ഹൗസ് കീപ്പിംഗ് വകുപ്പ്
പൊതുഭരണ അക്കൗണ്ട്സ്(ക്യാഷ്)വകുപ്പ്
വെബ്&ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.